**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3443** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം പാലിച്ച് നടത്തിയ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി സംവരണം പാലിച്ച് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം അറിയിക്കാമോ; ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്‌തികകളിൽ ആകെ നിയമനം നടന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ; ആയതിൽ നിയമനത്തിനായി അവശേഷിക്കുന്ന തസ്തികകളുടെ എണ്ണം അറിയിക്കുമോ; | (എ) | ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്‌തികകളിൽ നിലവിൽ 1503 പേരെ നിയമിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിച്ച് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം, ഭിന്നശേഷി ക്കാർക്കായി മാറ്റിവച്ച തസ്‌തികകളിൽ നിയമനത്തിനായി അവശേഷിക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്‌തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം അറിയിക്കുമോ; ജില്ലാ സമിതികൾ മുഖേന നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോന്നും വിശദമാക്കാമോ; | (ബി) | റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നുമാണ് മാനേജർമാർ നിശ്ചിത ഒഴിവുകളിൽ ഭിന്നശേഷി നിയമനം നടത്തുന്നത്.<br><br>ഉദ്യോഗാർത്ഥികളുടെ പട്ടിക എംപ്ലോയ്മെന്റ് വകുപ്പ് ജില്ലാ സമിതികൾക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി തസ്തിക മാറ്റിവെച്ചാൽ മറ്റ നിയമനങ്ങൾക്ക് അംഗീകാരം നൽകാമെന്ന ബഹു: സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതു ഉത്തരവ് ഇറക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയതിന് നിയമപരമായി തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ? | (സി) | ഈ വിഷയത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ